## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5113    23/03/2018-ൽ    മറുപടിക്ക്

**'കേരള കർഷക തൊഴിലാളി ക്ഷേമനിധി മലപ്പുറം ഡിവിഷണൽ ഓഫീസിലെ വിവിധ തസ്തികകൾ'**

**ചോദ്യം**

**ശ്രീ.പി.ഉബൈദുള്ള**

**മറുപടി**

**ശ്രീ.ടി.പി.രാമകൃഷ്ണൻ**
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | കേരള കർഷക തൊഴിലാളി ക്ഷേമനിധി മലപ്പുറം ഡിവിഷണൽ ഓഫീസിൽ ഓഫീസർ ഉൾപ്പെടെ വിവിധ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; നിലവിലുള്ള ജീവനക്കാരുടെയും ഒഴിവുകളുടേയും വിശദവിവരം നൽകമോ; | എ) | ഉണ്ട്. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ മലപ്പുറം ഡിവിഷണൽ ഓഫീസിൽ വെൽഫയർ ഫണ്ട് ഓഫീസറുടെ തസ്തിക നിലവിൽ ഒഴിഞ്ഞ് കിടക്കുകയാണ്. പ്രസ്തുത ഓഫീസിൽ നിലവിൽ മൂന്ന് ക്ലാർക്ക്മാർ, ഒരു ടൈപ്പിസ്റ്റ്, ഒരു ഓഫീസ് അറ്റൻഡന്റ്, ഒരു പാർട്ടൈം സ്വീപ്പർ എന്നീ തസ്തികകളാണ് ഉള്ളത്. ഈ തസ്തികകളിലെല്ലാം ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. |
| (ബി) | ഇതുമൂലം തൊഴിലാളികളുടെ വിവിധ ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കാമോ; | ബി) | ഇല്ല. മലപ്പുറം വെൽഫെയർ ഫണ്ട് ഓഫീസറുടെ അധിക ചുമതല പാലക്കാട് വെൽഫെയർ ഫണ്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. ആയതിനാൽ ആനുകൂല്യ വിതരണം തടസ്സപ്പെട്ടിട്ടില്ല. |
| (സി) | എങ്കിൽ ഇതുമൂലമുള്ള പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം കാണുവാൻ ആവശ്യമായ ജീവനക്കാരെ എത്രയും വേഗം നിയമിക്കുമോ; വ്യക്തമാക്കാമോ ? | സി) | മലപ്പുറം ഡിവിഷണൽ ഓഫീസിൽ വെൽഫെയർ ഫണ്ട് ഓഫീസറെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**